**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T.5209

15.11.2019 ൽ മറുപടിക്ക്.

## കടമക്കുടി പഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| (എ) കടമക്കുടി പഞ്ചായത്തിൽ ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്ന വിവിധ പാലം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) **മൂലമ്പിള്ളി-പിഴല പാലം :-** പാലത്തിന്റെ ടാറിങ്, പെയിന്റിങ് എന്നിവ ഒഴിച്ചുള്ള മുഴുവൻ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.<br>**മൂലമ്പിള്ളി-പിഴല പാലത്തിൽ നിന്ന് പിഴലയിലേക്കുള്ള കണക്ടിവിറ്റി പാലം :-** ആകെ 7 സ്പാനുകളിൽ 5 സ്പാനിന്റെ ഡെക് സ്ലാബ് കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ചു.<br>**വലിയ കടമക്കുടി ചാത്തനാട് പാലം :-** ആകെയുള്ള 12 സ്പാനുകളിൽ 8 സ്പാനുകളുടെ ഡെക് സ്ലാബ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) വലിയ കടമക്കുടി ചാത്തനാട് പാലത്തിന്റെ 4 സ്പാനുകളുടെയും അപ്രോച്ച് റോഡിന്റെയും പണികൾ സ്ഥല ലഭ്യത ഇല്ലാത്തതുകൊണ്ട് നിർത്തി വച്ചിരിക്കുകയാണ്. ജിഡയുടെ കീഴിൽ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| (സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) മൂലമ്പിള്ളി-പിഴല പാലം, മൂലമ്പിള്ളി-പിഴല പാലത്തിൽ നിന്ന് പിഴലയിലേക്കുള്ള കണക്ടിവിറ്റി പാലം എന്നിവ ഈ വർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. വലിയ കടമക്കുടി-ചാത്തനാട് പാലത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പണികൾ പുനരാരംഭിക്കുന്നതിനും ആയത് പൂർത്തീകരിക്കുന്നതിനും കഴിയുന്നതാണ്. |

Anjulal

സെക്ഷൻ ഓഫീസർ